## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *420 — 04.02.2014-ൽ മറുപടിയ്ക്ക്

### സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ജോസഫ് വാഴക്കൻ**<br>**,, റ്റി.എൻ.പ്രതാപൻ**<br>**,, അൻവർ സാദത്ത്**<br>**,, കെ.ശിവദാസൻ നായർ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;<br>(ബി) റോഡിന്റെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങളെന്തെല്ലാം ; | **(എ)&(ബി):**<br>സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1132 കി.മീ റോഡുകൾ ഇൻഡ്യൻ റോഡ്സ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്നതിന് രൂപം കൊടുത്തിട്ടുള്ള ഒരു പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി. റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളായിട്ടാണ് റോഡുകൾ ആധുനിക നിലവാരത്തിൽ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത 520 കി.മീ റോഡുകളും അപ്ഗ്രഡേഷൻ പാക്കേജിൽ വളവുകൾ നിവർത്തുന്നതിനും ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിനായി അത്യാവശ്യം സ്ഥലമേറ്റെടുക്കൽ വേണ്ടിവരുന്ന 612 കി.മീ റോഡുകളുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. |

(സി) എത്ര കിലോമീറ്റർ റോഡാണ് പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) സംസ്ഥാന ഹൈവേകളും മേജർ ജില്ലാ റോഡുകളും ഉൾപ്പെടുന്ന 1132 കി.മീറ്റർ റോഡാണ് സംസ്ഥാന റോഡ് വികസന പദ്ധതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) പ്രോജക്റ്റിന്റെ നടത്തിപ്പിന് എത്ര തരം പങ്കാളിത്തമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങളെന്തെല്ലാം ;

(ഇ) ഏത് മാതൃകയിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

**<u>(ഡി)&(ഇ) :</u>**

സംസ്ഥാന റോഡ് വികസന പദ്ധതിയുടെ നടത്തിപ്പിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള (RICK) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. റീഹാബിലിറ്റേഷൻ പാക്കേജ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (PPP)/ആന്വിറ്റി(Annuity) രീതിയിലും അപ്ഗ്രഡേഷൻ പാക്കേജ് എ.ഡി.ബി ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ലഭ്യമാക്കിയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ